(ബി) ഇനി എത്ര ഓഫീസുകളിൽ കമ്പ്യൂട്ടർവത്ക്കരണം നടപ്പിലാക്കാനുണ്ടെന്ന് അറിയിക്കാമോ ;

(സി) കമ്പ്യൂട്ടർവത്ക്കരണം എന്നേക്ക് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ;

(ഇ) ഇതിന്റെ ചുമതല ഏത് ഏജൻസിക്കാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇതുവരെ 114 സബ് രജിസ്ട്രാർ ഓഫീസുകൾ കമ്പ്യൂട്ടർവത്ക്കരിച്ചു കഴിഞ്ഞു. ഇതിനുപുറമെ 124 സബ്രജിസ്ട്രാർ ആഫീസുകൾ കമ്പ്യൂട്ടർവത്ക്കരിക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

(ബി) ഇനി 70 സബ് രജിസ്ട്രാർ ആഫീസുകളും 14 ജില്ലാ രജിസ്ട്രാർ (ജനറൽ) ആഫീസുകളും, 11 ജില്ലാ രജിസ്ട്രാർ (ആഡിറ്റ്) ആഫീസുകളും, 4 ഡി.ഐ.ജി. ആഫീസുകളും സെൻട്രൽ ആഫീസും കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കേണ്ടതുണ്ട്.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് 2006-2007 സാമ്പത്തിക വർഷത്തോടെ കമ്പ്യൂട്ടർവത്ക്കരണം പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്.

(ഡി) ആവശ്യമായ ഫണ്ട് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

(ഇ) കമ്പ്യൂട്ടർവത്ക്കരണം പൂർത്തിയായ 114 സബ് രജിസ്ട്രാർ ആഫീസുകളിൽ പൈലറ്റ് പ്രോജക്ട് ആയ ആദ്യത്തെ 4 ആഫീസുകളിലെ കമ്പ്യൂട്ടർവത്ക്കരണം കെൽട്രോണും ബാക്കി 110 സബ് രജിസ്ട്രാർ ആഫീസുകളിലെ കമ്പ്യൂട്ടർവത്ക്കരണം എൻഐസിഎസ്ഐ-യുമാണ് നടത്തിയത്. 2004-2005 വർഷത്തെ കമ്പ്യൂട്ടർവത്ക്കരണം കെൽട്രോണിന്റെ സഹായത്തോടെ നടത്തിവരുന്നു. കൂടാതെ സൈറ്റ് പ്രിപ്പറേഷൻ പി. ഡബ്ലു.ഡി., നിർമ്മിതികേന്ദ്രം, ആലുവയിലെ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് എന്നിവരെയാണ് ഏൽപ്പിച്ചിട്ടുള്ളത്. ഡേറ്റാ എൻട്രി ജോലികൾ കുടുംബശ്രീ, ദിനേശ് ഇൻഫർമേഷൻ ടെക്നോളജി സർവ്വീസസ്, കണ്ണൂർ, കെൽട്രോൺ എന്നിവരെയും ഏൽപ്പിച്ചിട്ടുണ്ട്.

വി.ഇ.ഒ.-മാർക്ക് കമ്പ്യൂട്ടർ ട്രെയിനിംഗ്

172 [1892] ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസന വകുപ്പിലെ വി.ഇ.ഒ./എൽ.വി.ഇ.ഒ. ഗ്രേഡ്-2-ന് ട്രെയിനിംഗ് പീരിയഡിൽ അടിസ്ഥാന ശമ്പളം നൽകുന്നതിനുള്ള എന്തെങ്കിലും നടപടികൾ പരിഗണനയിലുണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2002-മുതൽ ട്രെയിനിംഗ് കഴിഞ്ഞവർക്ക് ഇതു ലഭിക്കുവാനുള്ള നടപടി സ്വീകരിക്കുമോ ;

(സി) മറ്റു വകുപ്പുകളിൽ ട്രെയിനിംഗ് പീരിയഡിൽ അടിസ്ഥാന ശമ്പളം നൽകുന്നുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) വി. ഇ. ഒ,/എൽ. വി. ഇ. ഒ. മാരുടെ ട്രെയിനിംഗ് സിലബസ് കാലോചിതമായി പരിഷ്ക്കരിക്കണമെന്ന കാര്യം പരിഗണനയിലുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ എന്തു നിർദ്ദേശമാണുള്ളതെന്ന് വ്യക്തമാക്കാമോ ;

(എഫ്) ട്രെയിനിംഗ് പീരിയഡിൽ വി. ഇ. ഒ. മാർക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്ന കാര്യം പരിഗണിക്കുമോ ;

ഉത്തരം

(എ & ബി) വി.ഇ.ഒ./എൽ.വി.ഇ.ഒ. മാരുടെ പരിശീലന കാലയളവിൽ പരിശീലനാർത്ഥികൾക്ക് അടിസ്ഥാന ശമ്പളം സ്റ്റൈപ്പന്റായി നൽകുന്നതിനുള്ള ഒരു പ്രൊപ്പോസൽ സർക്കാർ പരിഗണനയിലുണ്ട്.

(സി) അടിസ്ഥാനശമ്പളം സ്റ്റൈപ്പന്റായി നൽകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി-എഫ്) വി.ഇ.ഒ./എൽ.വി.ഇ.ഒ. മാരുടെ പ്രീ സർവീസ് ട്രെയിനിംഗ് സിലബസ് പരിഷ്ക്കരിക്കുന്നതിനുള്ള കരട് തയ്യാറാക്കുന്നതിന് എസ്.ഐ.ആർ.ഡി. ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികയ്ക്കുള്ള റാങ്ക്ലിസ്റ്റ്

173 [T 1893] ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിൽ വില്ലേജ് എക്സ്റ്റൻഷൻ ആഫീസറായി നിയമിക്കപ്പെടുന്നതിന് (ജനറൽ) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ;

(ബി) ഈ റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ നടന്ന നിയമനം ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(സി) നോൺ ജോയിനിംഗ് വേക്കൻസികൾ ഉൾപ്പെടെ നിലവിലുള്ള മുഴുവൻ ഒഴിവുകളിലേക്കും അടിയന്തിരമായി നിയമനം നടത്തുമോ ; ഇതു സംബന്ധിച്ച വിശദവിവരങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly